**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5147** **21-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണം പ്രതിസന്ധിയിൽ ആയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ നാളികേരത്തിന്റെ മാർക്കറ്റ് വില, സർക്കാർ നിശ്ചയിച്ചിരിക്കുന്ന സംഭരണ വിലയേക്കാൾ കുറഞ്ഞതിനെ തുടർന്ന് , പച്ചത്തേങ്ങയ്ക്ക് സർക്കാർ നിശ്ചയിച്ച സംഭരണ വിലയായ കിലോഗ്രാമിന് 32 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമായി നടന്നു വരുന്നു.<br><br>ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത്.<br><br>പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്. പാലക്കാട് ജില്ലയിൽ VFPCK യുടെ 15 വിപണികൾ വഴിയും, മലപ്പുറം ജില്ലയിൽ 12 വിപണികൾ വഴിയും, കോഴിക്കോട് ജില്ലയിൽ 9 വിപണികൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിച്ചു വരുന്നത്.<br><br>കൂടാതെ കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | | | കൺസ്യൂമർ വെൽഫെയർ സൊസൈറ്റി എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. |
| (ബി) | സ്വകാര്യ സ്ഥാപനങ്ങൾ പച്ചത്തേങ്ങ സംഭരിക്കുമ്പോൾ വളരെ കുറഞ്ഞ വിലയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പച്ചത്തേങ്ങ സംഭരണത്തിൽ കേരഫെഡിന് പരിമിതികൾ ഉള്ളതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാഫെഡ് മുഖേന കൂടി പച്ചത്തേങ്ങാ സംഭരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ